# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 666** **27.04.2017-ൽ മറുപടിയ്ക്ക്**

**ആദിവാസി - പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത ആദിവാസി കുടുംബങ്ങൾക്കായി എന്തെല്ലാം ഭവന പദ്ധതികളാണ് നിലവിലുള്ളത്; | എ) | സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി ഭവന പദ്ധതി, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം വീടുകൾ അനുവദിച്ച് വരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം തുടങ്ങിയ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കിയ ശേഷം, ടി കുടുംബങ്ങൾക്ക് മേൽ പരാമർശിത ഭവന പദ്ധതികൾ പ്രകാരം വീടുകൾ അനുവദിച്ച് വരുന്നു. |
| ബി) | സ്വന്തമായി വീടില്ലാത്തവരോ ഷെഡ്ഡുകളിൽ താമസിക്കുന്നവരോ ആയ ഇത്തരം കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിക്കുമോ; | ബി) | ഷെഡ്ഡുകളിൽ താമസിക്കുന്ന (കൈയ്യേറ്റ ഭൂമി ഒഴികെ) കുടുംബങ്ങൾക്ക് താല്ക്കാലിക വീട്ടു നമ്പർ നൽകി റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്. |
| സി) | പട്ടാമ്പി മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ | സി) | പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളില്ല. |

| | | | |
|---|---|---|---|
| | താമസിക്കുന്നുണ്ട്; ഇവരിൽ സ്വന്തമായി വീടുള്ളവർ, റേഷൻ കാർഡുള്ളവർ, ഇല്ലാത്തവർ, ഇവരുടെ പട്ടിക തരംതിരിച്ച് ലഭ്യമാക്കാമോ; | | |
| ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് എന്തെല്ലാം ഭവന പദ്ധതികളാണ് നിലവിലുള്ളത്; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ? | ഡി) | സംസ്ഥാനത്തെ ഭവന രഹിതരും സ്വന്തമായി ഭൂമിയുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപയും ദുർബലവിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നുണ്ട്. ടി തുക നിശ്ചിത നാല് ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും വകുപ്പിൽ നിന്ന് മുൻ വർഷങ്ങളിൽ ഭൂമി അനുവദിച്ചവർക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം, ജാതി, വരുമാനം, കൈവശാവകാശം എന്നിവയും മുമ്പ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം, തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ, പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ